## പതിന്നാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നമ്പർ. 1907.** **15/07/2016-ൽ മറുപടിക്ക്**

## പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണമേന്മ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.കെ രാജു<br>(വനവും,മൃഗസംരക്ഷണവും,ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പാൽ പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണമേന്മ പരിശോധക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ ; | (എ) | ക്ഷീരവികസന വകുപ്പിൽ പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാന തലത്തിൽ NABL അംഗീകാരമുള്ള തിരുവനന്തപുരം സ്റ്റേറ്റ് ഡയറി ലാബും, ആലത്തൂരിൽ ഡയറി ലാബും നിലവിലുണ്ട്. കൂടാതെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺ ട്രോൾ ലാബും ഉണ്ട്. കാസർഗോഡ്, കോട്ടയം ജില്ലകളിൽ മേഖലാ ലാബുകൾ സ്ഥാപിച്ചുവരുന്നു. മിൽമ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സുസജ്ജമായ ഗുണനിലവാര പരിശോധനാ ലാബുകൾ മിൽമയുടെ കീഴിലുള്ള എല്ലാ ഡയറികളിലും സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ് , അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നിവ നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. കൂടാതെ ഹെവി മെറ്റൽസ്, ആന്റി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ്, തുടങ്ങിയവയുടെ പരിശോധനയും മിൽമ നടത്തി വരുന്നു. |
| (ബി) | ഗുണമേന്മ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ക്ഷീരവികസന വകുപ്പിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ അതാതു ജില്ലകളിൽ മാർക്കറ്റിൽ ലഭ്യമാകുന്ന എല്ലാവിധ ബ്രാൻഡ് പാൽ സാമ്പിളുകൾ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധി- |

ക്കുന്നു. ഒരോ മാസവും ടി റിപ്പോർട്ടുകൾ ക്ഷീര വികസന വകുപ്പ് ഡയറക്ടേറ്റിൽ നല്കുകയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സർക്കാരിനും ഫുഡ് സേഫ്റ്റി കമ്മീഷണർക്കും നല്കുന്നു.

മിൽമ കൃത്യമായ ഇടവേളകളിൽ മിൽമയുടെ ലാബുകളിലും ,ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെയും, പാലുല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്.

(സി) പ്രസ്തുത പരിശോധനകളിൽ ഗുണമേന്മ കുറഞ്ഞതും മായം കലർന്നതുമായ ഉല്പന്നങ്ങൾകണ്ടെത്തിയിട്ടുണ്ടോയെന്നും ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം ഉല്പന്നങ്ങളാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഗുണനിലവാരം കുറഞ്ഞ ബ്രാൻഡുകൾ കണ്ടെത്തിയിട്ടുണ്ട്. മാത്രവുമല്ല ഹെറിറ്റേജ്, ജേഷ്ഠ, ലയ തുടങ്ങിയ ബ്രാൻഡുകളിലുള്ള പാലുകളിൽ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിന്നീട് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ഈ ബ്രാന്റിലെ പാൽ സംസ്കരിക്കുന്ന പ്ലാന്റുകളിൽ പരിശോധിച്ച്, ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം ഇല്ലായെന്ന് ഉറപ്പുവരുത്തിയ ശേഷം പ്രസ്തുത ബ്രാന്റുകളുടെ പാലിന്റെ നിരോധനം സംസ്ഥാന വ്യാപകമായി പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇവയുടെ വില്പന സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ ; ഏതെല്ലാം കമ്പനികൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ?

(ഡി) ഹെറിറ്റേജ്, ജേഷ്ഠ, ലയ തുടങ്ങിയ ബ്രാൻഡുകളിലുള്ള പാലുകൾക്ക് സംസ്ഥാന വ്യപകമായി നിരോധനം ഏർപ്പെടുത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ടി യൂണിറ്റുകൾ പരിശോധിച്ച് ഈ ബ്രാൻഡുകളിലെ പാലുകളിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം ഇല്ലായെന്ന് ഉറപ്പ് വരുത്തിയ ശേഷം ഇവയുടെ നിരോധനം സംസ്ഥാന വ്യാപകമായി പിൻവലിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ